"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നടപടിക്രമങ്ങൾ പാലിക്കാതെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ബജറ്റ് പാസാക്കിയെന്ന് ആരോപിച്ച് വാർഡ് കൗൺസിലർ ശ്രീമതി. ശ്രീജ സുരേഷ് ഫയൽ ചെയ്ത WP(C) നമ്പർ 12994/2026 മേൽ ബഹു. ഹൈക്കോടതിയുടെ 31-03-2026 ലെ നിർദേശം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1303/2026/LSGD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:- ബഹു. ഹൈക്കോടതിയുടെ WP(C) നമ്പർ 12994/2024 ന്റെ 31-03-2026 ലെ വിധിന്യായം.

**ഉത്തരവ്**

നടപടിക്രമങ്ങൾ പാലിക്കാതെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ബജറ്റ് പാസാക്കിയെന്ന് ആരോപിച്ച് വാർഡ് 71 ലെ കൗൺസിലർ ശ്രീമതി. ശ്രീജ സുരേഷ് ബഹു. ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. കോർപ്പറേഷന്റെ ബജറ്റ് അവതരിപ്പിക്കുന്നതിനുള്ള കാലപരിധി പാലിച്ചില്ലെന്നും കൂടാതെ ബജറ്റ് പാസാക്കുന്നതിനായി പ്രത്യേക സമ്മേളനം വിളിച്ചുചേർക്കുന്നതിനുപകരം അടിയന്തര സമ്മേളനത്തിലാണ് ബജറ്റ് അവതരിപ്പിച്ചത് എന്നും പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് പുറപ്പെടുവിച്ചിട്ടില്ലെന്നും, ബജറ്റ് അവതരിപ്പിച്ച അന്നേ ദിവസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കൗൺസിൽ ബജറ്റ് പാസാക്കി എന്നും ആയതിനാൽ ബജറ്റ് സെഷൻ അസാധുവായി പ്രഖ്യാപിക്കുവാനും, ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി ബജറ്റ് യോഗം വിളിച്ചുകൂട്ടാൻ കൗൺസിലിനോട് നിർദ്ദേശിക്കണമെന്നുമാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

പ്രസ്തുത റിട്ട് പെറ്റീഷൻ ബഹു. കേരള ഹൈക്കോടതി 31-03-2026 ന് പരിഗണിക്കുകയും, ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ടതിന് ശേഷം Ext. P6 നിവേദനം (വാർഡ് കൗൺസിലർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ച കത്ത്) പരിഗണിക്കണമെന്നും ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്നും ഉത്തരവായിരുന്നു.

ആയത് പ്രകാരം പരാതിക്കാരിയെയും ബന്ധപ്പെട്ടവരെയും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി 17.06.2026 ന് നേരിൽ കേട്ടിരുന്നു.

ഒരു പ്രത്യേക യോഗത്തിലാണ് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.02.2026 ലെ മീറ്റിംഗ് നോട്ടീസ് പ്രകാരം 2026 ഫെബ്രുവരി 28 ന് അവതരിപ്പിച്ചത് എന്നും, മാർച്ച് 3, 4 തിയ്യതികൾ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നതിനായിരുന്നു തീരുമാനിച്ചിരുന്നത് എങ്കിലും മറ്റു കൗൺസിലർമാരുടെ

ആവശ്യം കൂടി പരിഗണിച്ചുകൊണ്ട് പ്രസ്തുത തീയതികൾ ഒഴിവാക്കുകയായിരുന്നെന്നും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് പ്രഖ്യാപനവും പെരുമാറ്റച്ചട്ടവും ഉടൻ നിലവിൽ വരുമെന്നതിനാലാണ് ബജറ്റ് അവതരണം നേരത്തേയാക്കാൻ തീരുമാനിച്ചത് എന്നും, പ്രത്യേക യോഗം 1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ 4 പ്രകാരം 3 ദിവസത്തെ നോട്ടീസ് നൽകി ചേരണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടില്ല എന്നും, 2025 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വന്ന കെ സ്മാർട്ട് മീറ്റിംഗ് മൊഡ്യൂളിൽ പ്രത്യേക യോഗം അടിയന്തിര യോഗമായി ചേരുന്നതിന് സംവിധാനം നിലവിലില്ല എന്നും ഇപ്രകാരം സോഫ്റ്റ് വെയറിൽ വന്ന മാറ്റത്തെപ്പറ്റി അറിവില്ലായിരുന്നു എന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി.

വാർഡിന് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ലഭിച്ചിട്ടുണ്ട് എന്നും, യോഗ നോട്ടീസ് പോരായ്മ ശ്രദ്ധയിൽ പെടുത്തിയ ശേഷമുള്ള യോഗങ്ങളിൽ സെക്രട്ടറി നോട്ടീസ് റൂളുകൾ പാലിച്ചു വരുന്നുണ്ട് എന്നും ആയതിനാൽ നിലവിൽ പരാതികൾ ഇല്ല എന്നും മറ്റു പരാതികൾ ഇല്ല എന്നും അപേക്ഷക നേരിൽ കേട്ടപ്പോൾ അറിയിച്ചു.

പരാതിക്കാരിക്ക് നിലവിൽ പരാതികൾ ഇല്ലെന്നതും, കോർപ്പറേഷൻ സെക്രട്ടറി ഹിയറിംഗിൽ മുന്നോട്ടുവച്ച മേൽ പരാമർശിത വസ്തുതകളും കണക്കിലെടുത്ത് മിനുട്സ് നല്കാനുണ്ടായ കാലതാമസം ആവർത്തിക്കാതിരിക്കാൻ സെക്രട്ടറിയ്ക്ക് കർശന നിർദേശം നൽകി പരാതി തീർപ്പാക്കുന്നു.

ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ 31-03-2026 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
ശ്രീമതി.ശ്രീജ സുരേഷ്, ശ്രീപാദം, പുത്തലത്ത് പറമ്പ, എടക്കാട് പി.ഒ., കോഴിക്കോട് - 673010
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (FM1/83/2026-LSGD).

ഉത്തരവിൻ പ്രകാരം
Digitally signed by
Assim M S
Date: 20-07-2026
15:01:18
സെക്ഷൻ ഓഫീസർ